"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം- വന്യജീവി വകുപ്പ് -WP(C) 10284/2015- ബഹു ഹൈക്കോടതിയുടെ 02.11.2021 ലെ വിധി ന്യായം - ശ്രീ. സാമുവൽ ഡേവിഡ് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നു – ഉത്തരവ് പുറപ്പെടുവിക്കുന്നു

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.426/2022/F&WLD തീയതി,തിരുവനന്തപുരം, 10-10-2022

പരാമർശം:- 1. WP(C) 10284/2015 നമ്പർ കേസിൽ 02/11/2021 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. ശ്രീ. സാമുവൽ ഡേവിഡ് സമർപ്പിച്ച 27/11/2021 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

ശ്രീ . സാമുവൽ ഡേവിഡ് തന്റെ പിതാവിന് Land Assignment Proceedings No.56/67 പ്രകാരം ലഭിച്ചതും തനിക്ക് പാരമ്പര്യമായി ലഭിച്ചതുമായ പെരിയാർ വില്ലേജിലെ പുരയിടത്തില് നിന്നിരുന്ന ഈട്ടി മരം, ജീവനും സ്വത്തുവകകൾക്കും ഭീഷണിയായതിനാൽ ആയത് മുറിച്ച് മാറ്റുന്നതിന് ഇടുക്കി ആർഡിഒ-യുടെ ഉത്തരവ് സമ്പാദിച്ചു എന്നാൽ മരം മുറിച്ച് മാറ്റുന്നതിന് കാലതാമസം നേരിട്ടതിനാൽ, മരം മുറിച്ചു മാറ്റുന്നതിനുള്ള ക്രമീകരണം സ്വയം ഏർപ്പെടുത്തുകയും മുറിച്ചുമാറ്റിയ തടിക്കഷണങ്ങൾ സ്വന്തം പുരയിടത്തിൽ സൂക്ഷിക്കുകയും ചെയ്തു. ടി തടിക്കഷണങ്ങൾ തന്റെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം ഇടുക്കി ജില്ലാ കളക്ടർ നിരസിക്കുകയും ടി തടിയ്ക്ക് 1,66,170 രൂപ അടിസ്ഥാനവിലയായി നിശ്ചയിച്ച് ലേലത്തിൽ വിൽക്കാൻ ഉത്തരവാകുകയും ചെയ്തു. ഇതിനെതിരെ ശ്രീ. സാമുവൽ ഡേവിഡ് WP(C) 10284/2015 നമ്പറായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പരാമർശത്തിലെ വിധിന്യായപ്രകാരം ഇക്കാര്യത്തിനായി സാമുവൽ ഡേവിഡിന് സർക്കാരിന് അപേക്ഷ നല്കാമെന്നും പ്രസ്തുത അപേക്ഷയിൽ അപേക്ഷകനെ നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്നു ബഹു. ഹൈക്കോടതി ഉത്തരവായി. ഇതിൻ പ്രകാരം അപേക്ഷകൻ പരാമർശത്തിലെ അപേക്ഷ സമർപ്പിച്ചു.

2. മേൽ സാഹചര്യത്തിൽ 06.01.2022 ൽ അപേക്ഷകന്റെ പ്രതിനിധിയായ ശ്രീ. രജി. കെ. എന്ന ആളെ നേരിൽ കേൾക്കുകയും സർക്കാർ നിശ്ചയിച്ച വില ഒടുക്കി തടി ഏറ്റെടുക്കാമെന്നും എന്നാൽ നിശ്ചയിച്ച തടി വില കൂടുതലാണെന്നും ബോധിപ്പിച്ചു.

3. ശ്രീ. സാമുവൽ ഡേവിഡിന്റെ അപേക്ഷയും നേരിൽ കേട്ട സമയത്ത് ഉന്നയിച്ചതുമായ ആവശ്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു. ടിയാന്റെ വസ്തു കുമിളി വില്ലേജിലെ സർവ്വേ നം. 44 ലെ 56/67 നമ്പർ പട്ടയപ്രകാരമുള്ളതാണ്. ടി പട്ടയഭൂമിയിൽ നിൽക്കുന്ന ഈട്ടിമരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത ഈട്ടി മരത്തിന്മേൽ യാതൊരു അവകാശത്തിനും അപേക്ഷകനായ ശ്രീ. സാമുവൽ ഡേവിഡിന് അർഹതയില്ലാത്തതിനാൽ, ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. അപ്രകാരം ബഹു.ഹൈക്കോടതിയുടെ WP(C) 10284/2015 മേലുള്ള 02/11/2021 ലെ വിധി ന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,കേരള,എറണാകുളം(ആമുഖ കത്ത് സഹിതം)
ശ്രീ. സാമുവൽ ഡേവിഡ്, കണ്ണംകാട്ടിൽ,റോസാപ്പൂക്കണ്ടം, കുമളി
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്),
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്), കേരള,തിരുവനന്തപുരം.
വെബ്ബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Ravindran C**
**Date: 12-10-2022 16:11:44**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു മുഖ്യമന്ത്രിയുടേയും വനം വന്യജീവി വകുപ്പുമന്ത്രിയുടേയും ഓഫീസിന്